LIBRARY ARCHIVES Kerala Legislative Assembly

വിവാഹപൂർവ്വ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

273 (1698) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാമ്പത്യ ബന്ധങ്ങൾ തകരുകയും കുടുംബ കോടതികളിൽ കേസുകൾ വർദ്ധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദാമ്പത്യ ബന്ധങ്ങൾ തകരുകയും കുടുംബ കോടതികളിൽ കേസുകൾ വർദ്ധിക്കുകയും ചെയ്യുന്നതിനുള്ള പരിഹാരമായി കേരള വനിതാ കമ്മീഷൻ ആസ്ഥാനത്ത് ഫുൾടൈം കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. വിവാഹത്തിനുശേഷം വളരെ ചുരുങ്ങിയ കാലംകൊണ്ട് വേർപിരിയുന്ന ദമ്പതിമാരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരള വനിതാ കമ്മീഷൻ ജില്ലകൾതോറും 'വിവാഹ പൂർവ്വ ബോധവത്ക്കരണ ശില്പശാല' നടത്തിവരുന്നുമുണ്ട്.

വിവാഹങ്ങളിലെ ധൂർത്തും ആഡംബരങ്ങളും

274 (1699) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമ്പത്തിക സഹായം നേടി നടത്തുന്ന വിവാഹങ്ങളിലെ ആഡംബരങ്ങളും ദുഷ്ചെലവുകളും ഒഴിവാക്കുവാൻ എന്തെല്ലാം മുൻകരുതലുകളും പരിശോധനകളും നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിവാഹങ്ങളിലെ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കുന്നതിന് മാതൃകാപരവും, ജാതി-മത രഹിതവും സ്ത്രീധന വിരുദ്ധവുമായ വിവാഹങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ (മഹിളാമന്ദിരങ്ങൾ, ആഫ്റ്റർ കെയർ ഹോം തുടങ്ങിയവ) അന്തേവാസികൾക്ക് സർക്കാർ ധനസഹായം വിനിയോഗിച്ച് നടത്തുന്ന വിവാഹങ്ങളിൽ ആർഭാടമോ, ദുഷ്ചെലവുകളോ ഉണ്ടാകാറില്ല.